ഉത്തരം

(എ) ഇക്കാര്യം റെയിൽവേ മന്ത്രാലയത്തോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2016-17 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒരു അഡീഷണൽ എ.സി. കോച്ചും സെക്കന്റ് സ്ലീപ്പർ കോച്ചും ഒരു ജനറൽ കമ്പാർട്ടുമെന്റും കൂടി അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടെയിൻ സർവ്വീസ്

109 (494) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ നിന്നും ആരംഭിച്ച് പളനി, മധുര, എന്നീ ക്ഷേത്ര നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് രാമേശ്വരത്തേക്ക് ടെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(ബി) തമിഴ്നാട്ടിൽ നിന്നും ഗുരുവായൂർ അമ്പല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്കും, കേരളത്തിൽ നിന്നും പളനി, മധുര, രാമേശ്വരം എന്നീ ക്ഷേത്ര ദർശനത്തിനായി പോയിക്കൊണ്ടിരിക്കുന്ന ഭക്തർക്കും വലിയ തോതിൽ യാത്രാ സൗകര്യം ലഭ്യമാകും എന്നതു കണക്കിലെടുത്ത് ഈ ടെയിൻ സർവ്വീസ് അനുവദിച്ചു കിട്ടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ ആവശ്യങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

കേരളത്തിന്റെ റെയിൽവേ വികസനം

110 (495) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും കൃത്യമായ നിരീക്ഷണം നടത്തുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഏതൊക്കെ സജീവമായ നിർദ്ദേശങ്ങളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(സി) ഇവ ഫലപ്രദമായി നേടിയെടുക്കുന്നതിന് കുറച്ചുകൂടി മെച്ചപ്പെട്ട ഔദ്യോഗിക സംവിധാനം രൂപീകരിക്കുന്നതിന് തയ്യാറാകുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ?

GPM. 2/237/2020-26

LIBRARY ARCHIVES Kerala Legislative Assembly